## മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ

146(5305) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഭക്ഷ്യവസ്തുക്കളായ കാർഷികോത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളായ സംരംഭക സഹായ പദ്ധതി, നാനോ സംരംഭകർക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി, പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ), പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പി.എം.ഇ.ജി.പി) എന്നീ പദ്ധതികൾ പ്രകാരവും ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും ഭക്ഷ്യവസ്തുക്കളായ കാർഷികോത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാങ്കേതിക സഹായവും ധനസഹായവും നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ബ്ലോക്കുതലത്തിൽ വ്യവസായ വികസന ഓഫീസറുടെയും താലൂക്കുതലത്തിൽ താലൂക്ക് വ്യവസായ ഓഫീസിന്റെയും സേവനം ലഭ്യമാക്കുന്നുണ്ട്. താലൂക്ക് വ്യവസായ ഓഫീസുകളിൽ സംരംഭകത്വ സഹായ കേന്ദ്രങ്ങൾ (കിയോസ്കുകൾ) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പൂഞ്ഞാർ നിയോജകമണ്ഡലത്തിലുൾപ്പെട്ട ഈരാറ്റുപേട്ട ബ്ലോക്കിൽ 2020-21 മുതൽ സംരംഭക ഫെസിലിറ്റേഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്. വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളായ സംരംഭകസഹായ പദ്ധതി, നാനോ സംരംഭകർക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ), പ്രൈംമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പി.എം.ഇ.ജി.പി) എന്നീ പദ്ധതികൾ പ്രകാരം 15% മുതൽ 40% വരെ ഗ്രാന്റ് ലഭ്യമാകുന്നതാണ്. ഇതിൽ സംരംഭകസഹായ പദ്ധതിയിൽ കാർഷികാധിഷ്ഠിത -

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യസംസ്കരണ മേഖലയിലുള്ള സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യസംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ) എന്ന പദ്ധതി അസംഘടിത മേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പാദക സംഘടനകൾ (എഫ്.പി.ഒ), സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി), ഉത്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യശൃംഖലകളിൽ ആകമാനം പിന്തുണയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

## സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ നടപടി

147(5306) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീ സംരംഭകരുടെ പ്രസക്തി വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ അതിസൂക്ഷ്മസംരംഭ മേഖലകളിലേയ്ക്ക് സ്ത്രീകളെ ആകർഷിക്കുന്നതിന് താഴെപ്പറയുന്ന ധനസഹായപദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി - വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകസഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ, പരമാവധി 30 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. സംരംഭകത്വ സഹായ പദ്ധതിയിൽ വനിതകൾക്ക് അധികമായി 10% സബ്സിഡി നൽകുന്നതിന് വ്യവസ്ഥയുണ്ട്.

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി - 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉത്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ

LIBRARY ARCHIVES Kerala Legislative Assembly